**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **22/03/2013 ൽ**
**ചോദ്യം നം: T 1399** | **മറുപടിക്ക്**

## മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാദമിയായി മാറ്റാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാദമിയായി മാറ്റുന്നതിന്റെ പ്രാരംഭചെലവുകൾക്കായി 20 ലക്ഷം രൂപ ബജറ്റ് ചർച്ചക്കുള്ള മറുപടിയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും പ്രസ്തുത തുക ഇതുവരെ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും 8/3/2013 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 102/2013/ സിഎഡി ഉത്തരവ് പ്രകാരം 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാദമിയായി മാറ്റിയുള്ള ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) 8/2/2013 ലെ ജി.ഒ.(എം.എസ്) നമ്പർ 08/2013/സിഎഡി ഉത്തരവ് പ്രകാരം മഹാകവി മോയിൻ കുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാദമിയായി ഉയർത്തിയിട്ടുണ്ട്. |
| (ഡി) മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് നൽകുന്ന വാർഷികഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ഇ) എങ്കിൽ വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (ഡി) യും (ഇ) യും മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമിയുടെ വാർഷിക ഗ്രാന്റ് നിലവിലുളളതിന്റെ ഇരട്ടിയാക്കുന്നതായി 2013-14 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ